# ദ്വീപും ഫാറൂഖാബാദും:- ആത്മബന്ധത്തിന്റെ സുവർണമുദ്രകൾ

റഫീഖ് കവരത്തി

രണ്ടാം വർഷ ബി.കോം

അറബിക്കടലിന്റെ നീലപരപ്പിൽ മുത്തുകൾ വാരിയെറിഞ്ഞ പോലെ കിടക്കുന്ന ദ്വീപുകളിൽ എങ്ങനെയാണ് മനുഷ്യജീവിതം കരുപിടിച്ചത് ? വൻകരയിലെ മഴക്കാടുകളിൽ മാത്രം കാണപ്പെടുന്ന വെളുത്ത കണ്ണംകിളി എപ്പോഴാണ് ദ്വീപുകാരനായത് - ?

ഏഴാം നൂറ്റാണ്ടിന്റെ ചരിത്രരേഖകൾ ചേർത്ത് വെച്ച് വായിക്കുമ്പോഴാണ് ദ്വീപിലെ മനുഷ്യ ഇടപെടലുകളുടെ ചിത്രം ലഭിക്കുന്നത്. സത്യത്തിന്റെ വെളിച്ചം തേടി അറേബ്യയിലേക്ക് പോയ ചേരമാൻ പെരുമാളിനെ അന്വേഷിച്ചിറങ്ങിയവരാണ് ദ്വീപിലെ ആദിനിവാസികൾ. കേരള ഭരണാധികാരിയായിരുന്ന കോലത്തിരി മഹാരാജാവിന്റെ പ്രജകളായിരന്നുവത്രെ ഇവർ. പിന്നീട് പതിനാലാം നൂറ്റാണ്ടിലെത്തിയ ഉബൈദുള്ള തങ്ങളാണ് ഇസ്‌ലാമിക വിശ്വാസ ആചാരങ്ങളിലേക്ക് ദ്വീപു സമൂഹത്തെ നയിച്ചത്.

## ഭരണം

കാര്യമായ ഉടമസ്ഥരില്ലാതെ കിടന്നിരുന്ന ദ്വീപുകൾ ആദ്യം ഭരിച്ചത് കോലത്തിരി രാജാവായിരുന്നു. പിന്നെ പോർച്ചുഗീസുകാർ വന്നു. പറങ്കികളുടെ ക്രൂരമായ പെരുമാറ്റം പൊറുക്കാതായപ്പോൾ അമിനി ദ്വീപിലെ ചിലർ ഭക്ഷണത്തിൽ പാമ്പിൻ വിഷം കലർത്തി നൽകി പലരേയും വകവരുത്തി. പറങ്കികൾ പിൻമാറിയതോടെ കോലത്തിരി രാജാവ് തന്റെ അധികാരം കൂടുതൽ വിപുലപ്പെടുത്തി.



11 ാം നൂറ്റാണ്ടോടെ ദ്വീപിന്റെ ഭരണകാര്യങ്ങൾ കോലത്തിരി രാജാവ് തന്റെ സേനാനായകനായ കണ്ണൂരിലെ ആലിരാജക്ക് നൽകി. ഈ ഭരണവും ദ്വീപുകാരോട് പൊരുത്തപ്പെടുന്നതായിരുന്നില്ല. ജനങ്ങളെപ്പോഴും ഭരണത്തെ എതിർത്തു പോന്നു. ഒടുവിൽ പ്രകോപനമുണ്ടാകുകയും ജനങ്ങളെല്ലാം ടിപ്പുസുൽത്താന്റെ ഭരണത്തോട് കൂറ് പ്രഖ്യാപിക്കുകയും ചെയ്തു. ടിപ്പുവിന്റെ പതനത്തിന് ശേഷം ദ്വീപുകളെല്ലാം ബ്രിട്ടീഷുകാരുടെ നിയന്ത്രണത്തിൽ വന്നു.

ഇതെല്ലാം ദ്വീപിന്റെ പഴയകഥ. ഇന്ന് ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും വേരുകളുള്ള സമൂഹമായി ദ്വീപുകാർ മാറിയിട്ടുണ്ട്. മാത്രമല്ല നമ്മുടെ ടൂറിസം മാപ്പിലെ അവഗണിക്കാനാവാത്ത ദൃശ്യവിസ്മയം കൂടിയാണ് ദ്വീപുകൾ.

ആകെ മുപ്പത്തേഴോളം ദ്വീപുകളുണ്ടെങ്കിലും പതിനൊന്നിൽ മാത്രമാണ് മനുഷ്യവാസമുള്ളത്. കടലിന്റെ ഓരോ ഭാവത്തോടും ഒട്ടിനിൽക്കുന്നതാണ് ദ്വീപിന്റെ സാസ്കാരിക വിശേഷങ്ങൾ. കവടി കളി, പുന്നക്കാ കൊണ്ടുള്ള ചാട്ടം ചാടൽ, അന്തേ കുളിച്ചോ മീൻ പായോ, വെള്ളക്കാ ചുള്ളക്കാ തുടങ്ങിയ കളികളും കടലിന്റെ സാന്നിദ്ധ്യത്തോട് ബന്ധപ്പെട്ടുകിടക്കുന്നു. മനോഹരങ്ങളായ തീരങ്ങളും ലഗൂണുകളും

ദ്വീപിന് മുത്തും പവിഴങ്ങളും മാത്രമല്ല നൽകിയത്; മറിച്ച് സാംസ്കാരിക വികാസത്തിന്റെ താളവും തുടിയും കൂടി നൽകിയിട്ടുണ്ട്. ദ്വീപിലെ പാട്ടുകളും കഥകളും കവിതകളുമൊക്കെ കടലിന്റെ ഉത്തേജനത്തിൽ നിന്നാണ് രൂപപ്പെട്ടുവന്നത്.

## വിദ്യാഭ്യാസം

പള്ളികളോട് ചേർന്ന പഠനകേന്ദ്രങ്ങളും ഏകാധ്യാപക വിദ്യാലയങ്ങളും ആണ് ദ്വീപിൽ മുമ്പുണ്ടായിരുന്നത്. രണ്ടാം പഞ്ചവത്സരപദ്ധതികാലത്താണ് ഇതിന് കാര്യമായ മാറ്റമുണ്ടായത്. 1972 ൽ കോഴിക്കോട് സർവ്വകലാശാലയുടെ ഒരു ജൂനിയർ കോളേജ് - ജവഹർലാൽ നെഹ്റു കോളേജ് - സ്ഥാപിതമായതോടെ വിദ്യാഭ്യാസ മുന്നേറ്റങ്ങളിലേക്ക് ദ്വീപ് സമൂഹം ചുവടുവെച്ചു. വിവിധ സർവ്വകലാശാലകളുടെ പഠനകേന്ദ്രങ്ങൾ ഇന്ന് ദ്വീപിലുണ്ട്. സ്ത്രീവിദ്യാഭ്യാസ കാലത്ത് മുമ്പുണ്ടായിരുന്ന വിലക്കുകളെല്ലാം നീങ്ങി. വ്യാപകമായ ഉണർവ്വുണ്ടായതിന്റെ ഫലമായി സാക്ഷരതാ നിരക്ക് കുത്തനെ ഉയർന്നു. 1971 ൽ 41 % ആയിരുന്നത് ഇന്ന് 89.5 ശതമാനത്തിലെത്തി നിൽക്കുന്നു. (ദേശീയതലത്തിൽ രണ്ടാം സ്ഥാനം).

## പ്രശസ്തരുടെ ഓർമ്മകളിലൂടെ

ഗതാഗത സംവിധാനങ്ങൾ പേരിന് മാത്രമായിരുന്ന കാലത്തും അറിവ് തേടി കരയിലേക്ക് വന്ന് അനുഭവങ്ങളുടെ കൊടും വെയിലിലൂടെ നടന്ന് ജീവിതത്തിന്റെ ഉന്നതങ്ങളിലേക്കെത്തിയവരെത്രയോ ഉണ്ട്. ഓടം മുങ്ങി മരണത്തിന്റെ ആഴങ്ങളിൽ നിന്നാരോ ജീവിതത്തിലേക്ക് കൈപിടിച്ചതിന്റെ ഓർമ്മ പത്മശ്രീ നേടിയ ഡോക്ടർ റഹ്മത്ത് ബീഗത്തിന്റെ ഓർമ്മകളിലുണ്ട്.


ചിത്രകാരനായ മുത്തുകോയയുടെ ഓർമ്മകളിലും ഓടത്തിലേറിയുള്ള യാത്രയുടെ കണ്ണീരിന്റെ നനവുള്ള ഓളങ്ങളുണ്ട്. സിവിൽ സർവ്വീസ് രംഗത്ത് മികവ് തെളിയിച്ച സയ്യിദ് മുത്തുകോയ, മിനിക്കോയ് ദ്വീപിലെ മുഹമ്മദ്, ഇപ്പോൾ ബേപ്പൂരിൽ ഫെഡറേഷൻ എം.ഡിയായി സേവനമനുഷ്ടിക്കുന്ന ഇ.പി. ആറ്റക്കോയ തങ്ങൾ തുടങ്ങിയവർക്കും പഠനകാലത്തെ കടൽ യാത്രകൾ മറക്കാനാകുന്നില്ല.

## ഫാറൂഖിയൻമാരെക്കുറിച്ച്

ദ്വീപിന്റെ വിദ്യാഭ്യാസമുന്നേറ്റത്തിലെ പ്രധാന ചുവടുകളെല്ലാം മലബാറിന്റെ വകയാണ്. ഇതിൽ കൂടുതലും ഫാറൂഖാബാദിന്റേതാണ്. തുടക്കം മുതലേ ഇവിടെ നിലനിന്നുപോരുന്ന ഇസ്ലാമിക അന്തരീക്ഷമാകാം ഇതിന് കാരണം. കവരത്തി ദ്വീപിലെ ഹംസത്ത് ഹാജിയാണ് ഫാറൂഖാബാദിലെ ആദ്യദ്വീപ് വിദ്യാർത്ഥി. 1956 ലാണദ്ദേഹം ഫാറൂഖ് കോളേജിലെത്തുന്നത്. കാടുമൂടിക്കിടന്നിരുന്ന പ്രദേശത്തായിരുന്നു അന്ന് കോളജ്. പേട്ട വരെ എത്തുന്ന ബസ്സുകളും അവിടെ നിന്ന് ഇങ്ങോട്ടുള്ള കാൽനട യാത്രകളും മറക്കാനാവാത്തതാണ്. മൂന്നുതവണ കോളേജ് യൂണിയൻ സെക്രട്ടറിയായും എം.എസ്.എഫിന്റെ സ്റ്റേറ്റ് പ്രസിഡന്റായും പ്രവർത്തിച്ചു. അന്ന് നടന്ന കുട്ടനാടൻ സമരവും വിദ്യാർത്ഥി വിമോചന സമരവും മനസ്സിലിന്നും ആവേശത്തോടെ സൂക്ഷിക്കുന്നു.

ഇപ്പോൾ കവരത്തി ദ്വീപിലെ ഡിസ്ട്രിക്റ്റ് ഇൻഫോർമേഷൻ ഓഫീസറായ കല്പേനി ദ്വീപുകാരനായ മുഹമ്മദ് കോയക്കും ഫാറൂഖാബാദ് മധുരമുള്ള സ്മരണയാണ്. കാമ്പസിൽ നിലനിൽക്കുന്ന അച്ചടക്കവും മതചുറ്റുപാടും തന്റെ ജീവിതം ചിട്ടപ്പെടുത്താൻ ഏറെ സഹായിച്ചുവെന്ന് അദ്ദേഹം ആവേശത്തോടെ പറയുന്നു. 1978 ലെ യു.യു.സി ആയിരുന്ന മുഹമ്മദ് കോയ സമദാനിയുടെ സമകാലികനായിരുന്നു. അമിനി ദ്വീപിലെ കുഞ്ഞിയും ഫാറൂഖാബാദിനെക്കുറിച്ച് ആവേശത്തോടെ ഓർക്കുന്നു. ഇപ്പോൾ കവരത്തിയിലെ ബി.എസ്.എൻ.എൽ സബ് ഡിവിഷൻ എഞ്ചിനീയറാണ് കുഞ്ഞി.

ദ്വീപിൽ നിന്നും ഫാറൂഖാബാദിലേക്കുള്ള ആത്മബന്ധത്തിന്റെ കടൽ വഴികൾ ഇപ്പോഴും സജീവമാണ്. കാമ്പസിലെ പാഠ്യപാഠ്യേതര വിഷയങ്ങളിലെല്ലാം ശ്രദ്ധേയമായ സാന്നിദ്ധ്യമാണ് ദ്വീപ് വിദ്യാർത്ഥികൾ.



ുഷ്യത്വനിരാസത്തിന്റെ സമകാലീനതയെക്കുറിച്ച്
ംസ്കാരിക നായകന്മാരുമായി മാഗസിൻ സമിതി
ത്തിയ കൂടികാഴ്ചയിൽ നിന്ന്.......

തയ്യാറാക്കിയത്
കുഞ്ഞഹമ്മദ് കോട്ടപ്പള്ളി

## കെ.എൻ.പണിക്കർ

ഒരാൾക്ക് മനുഷ്യനല്ലാതാകാനുള്ള സകല സാഹചര്യങ്ങളും ഇന്ന് ലോകത്തുണ്ട്. പഴയകാലത്തെപ്പോലെ ആശയങ്ങളിൽ സ്വാധീനമില്ലാതെ പോകുന്ന ഭരണകൂടം ഈ സാഹചര്യങ്ങൾ മുതലെടുക്കുകയും ജനങ്ങളുടെ മേൽ അധീശത്വം നേടാനുള്ള ഒരു വഴിയായി ഇതിനെ കാണുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ ഭരണകൂടത്തിന്റെ തന്നെ പരാജയമാണിത്. ജനങ്ങൾക്ക് സുരക്ഷിതത്വം നൽകേണ്ടവർ വഴി തെറ്റിയതോടെ ജനം നിരാശരാവുകയും അത് ഒരു പ്രതിഷേധമായി വളരുകയും ചെയ്തു. ഒരു പക്ഷെ അത് സ്വയം സംരക്ഷണബോധമായി മാറുന്നു. തീവ്രവാദമെന്നത് ഏതെങ്കിലും മതവുമായി ബന്ധമുള്ളതല്ല. എല്ലാ വിഭാഗങ്ങളിലും തീവ്രവാദ ആശയങ്ങൾ വളർന്നു വരുന്നുണ്ട്. ഇവ വ്യത്യസ്തമായ രീതിയിലാണെന്നത് പോലെ കാരണങ്ങളും വ്യതിരക്തമാണ്.

ബിൻലാദനെ വളർത്തിയ അമേരിക്ക അവരുടെ സാമൂഹികവും സാമ്പത്തികവുമായ ഏകാധിപത്യത്തിന് വേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്നു. അധികാരത്തിന്റെ പാരമ്യതയിൽ എത്തിയത് കൊണ്ടാണ് അവരീ ശ്രമം നടത്തുന്നത്. യുദ്ധമുണ്ടായാലെ മറ്റുള്ളവരുടെ അധീശത്വം നേടാൻ കഴിയൂ എന്നവർ വിശ്വസിക്കുന്നു. കച്ചവടവും സ്വാധീനവും ഏത് രാജ്യത്തിനുമാവാമെങ്കിലും സാമ്രാജ്യത്വമനോഭാവം എതിർക്കപ്പെടേണ്ടതാണ്. നിലനിൽപിന് വേണ്ടിയാണിതൊക്കെ ചെയ്യുന്നതെന്ന് പറയാനാവില്ല. നിലനിൽപിൽ നിന്നും എത്രയോ മുന്നോട്ട് പോയവർ തന്നെ മറ്റു രാജ്യങ്ങളുടെ സാമ്പത്തികവും മാനവികവുമായ വശങ്ങളെ ചൂഷണം ചെയ്തുകൊണ്ട് സുഖിക്കാൻ ശ്രമിക്കുന്നു. മറ്റുള്ളവർക്ക് ജീവിക്കുവാനുള്ള അവകാശം നിഷേധിക്കുന്നു-ഇത് മനുഷ്യത്വനിരാസമാണ്. മനുഷ്യന്റെ യാന്ത്രികതയാണ് മുതലാളിത്തവ്യവസ്ഥിതികൾ പ്രോത്സാഹിപ്പിക്കുന്നത്. വികസനത്തിൽ നിന്നും എന്തെങ്കിലും കിട്ടുന്നത് പത്ത്ശതമാനം പോലുമില്ലാത്ത ഈ വിഭാഗങ്ങൾക്കാണ്. പണമുള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവ് വർദ്ധിച്ചുവരുന്നു. മുപ്പതോളം കാറുകൾ കൈവശം വെക്കുന്നവരുള്ള രാജ്യത്ത് തന്നെ, ജീവിതത്തിലിതുവരെ കാറിൽ കാലുകുത്താത്ത ജനകോടികളുണ്ട്. ഈ രണ്ട് വിഭാഗം ജനങ്ങൾക്കിടയിൽ മാനസികമായ വേർതിരിവുകൾ സ്വാഭാവികമായുണ്ടാവുന്നു. സാമ്പത്തിക സമത്വമെന്നത്കൊണ്ട് അർത്ഥമാക്കുന്നത് ജീവിക്കാനുള്ള സൗകര്യങ്ങൾ സമൂഹത്തിലെ എല്ലാ വ്യക്തികളുടേയും അവകാശമാണെന്ന് അംഗീകരിക്കപ്പെടുകയാണ്. ഇന്ത്യയിലെ ഉന്നതസ്ഥാനങ്ങളിൽ വിഹരിക്കുന്നവർക്കുള്ള അർഹതയുടെ അടിസ്ഥാനം എന്താണ്?.. തന്റെയൊപ്പം പഠിച്ച കഴിവുള്ള സുഹൃത്തിന് നേട്ടങ്ങൾ തേടിപ്പിടിക്കാൻ കഴിയാതെ വന്നത്

സാമ്പത്തിക സാഹചര്യം ഇല്ലാത്തത് കൊണ്ടാണ്. ഇംഗ്ലണ്ടിലേയും അമേരിക്കയിലേയും കുട്ടികളുടെ സാഹചര്യമല്ല ഇന്ത്യയിലുള്ളത്. അതിർവരമ്പുകളുള്ള ഇവിടുത്തെ കുടുംബങ്ങൾ അസ്വതന്ത്രരാണെന്ന് കരുതപ്പെടുന്നത് സ്വാഭാവികമാണ്. സമൂഹം പഴമയിലേക്ക് തിരിച്ചു പോവാൻ സാധ്യതയില്ല. അതിന്റെ ആവശ്യവുമില്ല. ഇന്നിന്റെ ലോകത്ത് സാമൂഹിക ബന്ധങ്ങളും ആവശ്യങ്ങളും ധാരാളമാണ്. ഇതിനിടയിൽ നിയന്ത്രണങ്ങളുമുണ്ട്. അവ ചരിത്രത്തിന്റെ കാര്യത്തിലായാലും സമൂഹത്തിന്റെ കാര്യത്തിലായാലും ശരി. ഇതിനിടയിൽ പൊതുവായ ഒരു മാറ്റം എങ്ങനെ കഴിയുമെന്നുള്ളത് സങ്കീർണ്ണമായ പ്രശ്നമാണ്.

## സക്കറിയ

മനുഷ്യൻ ഓരോ നിമിഷവും മാറിക്കൊണ്ടിരിക്കുകയാണ്. ഈ മാറ്റങ്ങൾ ഉൾക്കൊള്ളാതെ പഴയ പാരമ്പര്യവാദവുമായി നിലനിൽക്കാനാണ് മലയാളിക്ക് താൽപര്യം. ഭൂതകാലവുമായുള്ള ഈ അമിതമായ ബന്ധമാണ് നമ്മെ പുറകോട്ട് വലിക്കുന്നത്. ഭാവിയുടെ വെല്ലുവിളികളെക്കുറിച്ച് ലോകം ഉത്കണ്ഠപ്പെടുമ്പോഴും നാം ഭൂതകാലത്തിന്റെ നിസാരതർക്കങ്ങളിൽ തളച്ചിടപ്പെട്ടിരിക്കുകയാണ്. വികസിതരാജ്യങ്ങളിലെ ജനങ്ങൾ വളരെ സന്തോഷത്തോടെ ജീവിക്കുമ്പോൾ നാം ഇപ്പോഴും ജീവിതത്തിന് നേരെ കണ്ണടക്കുകയാണ്. ഇതിനർത്ഥം ചൂഷണങ്ങളില്ല എന്നല്ല. മനുഷ്യന്റെ പരിണാമപ്രക്രിയയുടെ ഓരോ ഘട്ടങ്ങളിലും ഈ പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. ഇന്നത്തെ വ്യവസായയുഗത്തിലും ഇത് നിലനിൽക്കുന്നുവെന്ന് മാത്രം. ഉൽപാദനപ്രക്രിയയിൽ മനുഷ്യനെ യന്ത്രത്തെപോലെയാണ് കണക്കാക്കപ്പെടുന്നത്. ചൂഷണത്തിന്റെ തുടക്കം ഇവിടെയാണ്. പണിയെടുക്കാത്ത തൊഴിലാളിയും അഴിമതി നടത്തുന്ന ഉദ്യോഗസ്ഥനും ഈ ചൂഷണത്തിന്റെ നടത്തിപ്പുകാരാവുകയാണ്. ഇതൊരിക്കലും നിലനിൽപിനുവേണ്ടിയുള്ള പോരാട്ടമായി കണക്കാക്കിക്കൂടാ...

ഇന്ത്യയിലെ ഏതാണ്ട് അറുപത് കോടി ജനങ്ങളുടെ ആവശ്യം രണ്ട് ചപ്പാത്തിയും മുളകുമാണ്, അതാണവരുടെ അടിസ്ഥാനആവശ്യം. അത് ലഭിക്കാതെവരുമ്പോഴാണ് അവർ ചൂഷണം ചെയ്യപ്പെടുന്നത്. മതാധികാരികൾ മതത്തെ ചൂഷണം ചെയ്യുന്നതുപോലെതന്നെ രാഷ്ട്രീയനേതൃത്വം

ഭരണപക്ഷത്തിന്റെ കൂലിയെഴുത്തുകാരാണിന്ന് മാധ്യമങ്ങൾ. ഇന്ത്യയുടെ രഹസ്യപോലീസ് മെനഞ്ഞുണ്ടാക്കിയ നാടകമായിരുന്നു പാർലിമെന്റ് ആക്രമണം. ഇതിനെ ഭീകരാക്രമണമാക്കിയത് മാധ്യമങ്ങളാണ്. ഇവർ നൽകുന്ന കളവുകളാണ് കട്ടൻ കാപ്പിക്കൊപ്പം കൂട്ടാൻ ഇന്ത്യക്കാർക്ക് ലഭിക്കുന്നത്.

മതത്തെ ചൂഷണം ചെയ്യുന്നു. ഭരണകൂടം നിരത്തിലിറങ്ങി നടത്തിയ ആദ്യത്തെ നരമേധമായ ഗുജറാത്ത് ഇതിനുദാഹരമാണ്. പക്ഷെ ഇത് ഇന്ത്യയിൽ ഒരു ചല നവും സൃഷ്ടിച്ചിട്ടില്ല. അന്താരാഷ്ട്രസമൂഹത്തിന്റെ ശക്തിയായ പ്രതികരണം മൂലമാണ് ഭരണകക്ഷികൾക്കിടയിൽ ഇതിന്റെ പേരിൽ അൽപമെങ്കിലും ചലനം സൃഷ്ടിക്കാനായത്. എല്ലാവരും സ്തബ്ധരായി നിൽക്കെയാണ് ഇതുണ്ടായത്. ജർമ്മനിയിൽ ഹിറ്റ്ലർ അധികാരമേൽക്കുന്നതിന്റെ തൊട്ടുമുമ്പുള്ള അവസ്ഥയും ഇങ്ങനെയായിരുന്നു. രാഷ്ട്രീയമായ ദിശാബോധം ജനങ്ങൾക്കിടയിൽ വളരു ന്നുണ്ടെങ്കിലും ഇനിയൊരു അമ്പത് കൊല്ലത്തേക്ക് ഒരുമാറ്റവും പ്രതീക്ഷിക്കു ന്നില്ല. ആനന്ദ് പറയാറുള്ളത് പോലെ ഇതിലൊന്നുമിടപെടാതെ ജീവിക്കുന്ന ഭൂരി പക്ഷമായിരിക്കും ഒരു പക്ഷെ ഇനിയൊരു മാറ്റത്തിന് നാന്ദി കുറിക്കുക.

വിപണികൾ സൃഷ്ടിച്ച് ലാഭമുണ്ടാക്കാൻ ശ്രമിക്കുന്ന അമേരിക്കയെ പോലുള്ള കുത്തകരാഷ്ട്രങ്ങളല്ല നമ്മുടെ പ്രശ്നങ്ങൾക്ക് കാരണക്കാർ. ഇന്ത്യയെ തകർത്തത് ഇന്ത്യക്കാർതന്നെയാണ്. ആയുധക്കൈമാറ്റം നടക്കുന്നുണ്ടെങ്കിലും കാശ്മീർ പോലുള്ള പ്രശ്നങ്ങളിൽ അമേരിക്കക്ക് രണ്ട് ശതമാനം പോലും പങ്കി ല്ല. സമ്പദ്വ്യവസ്ഥയെ തകർത്ത് ഒരടിച്ചമർത്തൽ നടക്കുന്നതിന്റെ ഫലമായി തീവ്ര വാദികൾ ഉയർന്നുവരുന്നു. ഈ രാഷ്ട്രീയപ്രശ്നമാണ് കാശ്മീരിലേത്. ശോച നീയാവസ്ഥക്ക് മറ്റൊരു കാരണം മാധ്യമങ്ങളുടെ അധഃപതനമാണ്. ഭരണപക്ഷ ത്തിന്റെ കൂലിയെഴുത്തുകാരാണിന്ന് മാധ്യമങ്ങൾ. ഇന്ത്യയുടെ രഹസ്യപോലീസ് മെനഞ്ഞുണ്ടാക്കിയ നാടകമായിരുന്നു പാർലിമെന്റ് ആക്രമണം. ഇതിനെ ഭീകരാക്രമണമാക്കിയത് മാധ്യമങ്ങളാണ്. ഇവർ നൽകുന്ന കളവുകളാണ് കട്ടൻ കാപ്പിക്കൊപ്പം കൂട്ടാൻ ഇന്ത്യക്കാർക്ക് ലഭിക്കുന്നത്.

അമേരിക്ക ഒരിക്കലും ഭീകരവാദികളോ തീവ്രവാദികളോ അല്ല, ബുദ്ധി യുള്ള അവസരവാദികളാണ്. സെപ്തംബർ 11ന് ശേഷം അമേരിക്കക്കാർക്കിട യിൽ ഭയം വ്യാപകമായിട്ടുണ്ടെങ്കിലും തീവ്രവാദത്തിന്റെ മാർഗങ്ങൾ സ്വീകരി ക്കുന്നതിന് പകരം ലോകജനതയെ തങ്ങളുടെ പിന്നിൽ നിർത്താനാണ് അവർ ശ്രമിച്ചത്.

അമേരിക്കൻ സമൂഹത്തിലെ കുടുംബവ്യവസ്ഥയെ കണ്ണടച്ച് എതിർക്കുമ്പോഴും നമ്മുടെ കുടുംബസംവിധാനങ്ങൾ എത്രമാത്രം വികലമാ ണെന്ന് നാം ഓർക്കാറില്ല. പണ്ടെന്നോ മനസിലാക്കിവെച്ച കുടുംബഅന്തരീക്ഷ ത്തിന് കുറെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. പുതിയൊരു ജീവിതരീതിയുടെ ഭാഗമായി ഇതിനെയൊക്കെ നാം ഉൾക്കൊള്ളണം. എഴുത്തുകാരും ബുദ്ധിജീവികളും മാത്ര മല്ല സംസ്കാരത്തിന്റെയും സമൂഹത്തിന്റെയും വളർച്ചയെ ത്വരിതപ്പെടുത്തുന്ന ത്. എല്ലാതലങ്ങളിലുമുള്ള ആശയസംവാദങ്ങളും ഇതിനെ സ്വാധീനിക്കുന്നു. കൃഷി ക്കാരനും സാഹിത്യകാരനും ഒരുപോലെ സമൂഹത്തിന്റെ ഭാഗമാണ്. രണ്ടുകൂ ട്ടരും ആശയങ്ങളുൽപാദിപ്പിക്കുകയും കൈമാറുകയും ചെയ്യുന്നുണ്ട്. സംവേ ദനം ചെയ്യപ്പെടുന്നവർക്കിടയിലെ അംഗസംഖ്യക്ക് മാത്രമേ വ്യത്യാസമുള്ളൂ.



മനുഷ്യനെ കേന്ദ്ര സ്ഥാനത്ത് നിറുത്തിയുള്ള ഒരു കാഴ്ചപ്പാടിലൂടെയല്ല മനുഷ്യത്വത്തെ ഞാൻ നിർവചിക്കുന്നത്. പ്രപഞ്ചത്തിന്റെ അനേകം അവകാശികളിൽ എളിയൊരു സാന്നിധ്യം മാത്രമാണ് മനുഷ്യൻ. അവസാന വാക്ക് ഒരിക്കലും മനുഷ്യനല്ല. പ്രപഞ്ചത്തിന്റെ നിലനിൽപ് അതാണ് മനുഷ്യന്റെയും നിലനിൽപ്. മനുഷ്യനെ മനുഷ്യനാക്കുക എന്നാൽ പ്രപഞ്ചമാക്കുക എന്നാണർത്ഥം.

എല്ലാ ദൈവങ്ങളെയും കൊന്ന് ദൈവത്തിന്റെ മരണമാഘോഷിച്ച മനുഷ്യൻ സ്വയം സൃഷ്ടിച്ച ദൈവമായിരുന്നു ആർത്തി. ഈ പുതിയ (അ) ദൈവമാണ് പ്രകൃതിയെ പ്രകൃതിയല്ലാതാക്കിയത്. മനുഷ്യനെ മനുഷ്യനല്ലാതാക്കിയത്. മനുഷ്യാവശ്യത്തിനുള്ളതെല്ലാം ഭൂമിയിലുണ്ട്. പക്ഷെ ആർത്തിക്കു മാത്രം ഇല്ല. ഒരു മരം വെട്ടുമ്പോൾ ഭൂമിയോട് മാപ്പ് ചോദിച്ച് ശേഷം കോടാലി എടുത്തിരുന്ന പഴയ മനുഷ്യരെവിടെ? വിവേകിയായ ഒരു വീട്ടമ്മയെപ്പോലെ ഭൂമി സൂക്ഷിച്ചുവെച്ച ഭൂഗർഭ ജലം കൂടി വലിച്ചെടുത്ത് വിജയമാഘോഷിച്ചവനാണ് പുതിയമാദ്ധ്യമം.

നശീകരണത്തിന്റെ ചരിത്രം അവസാനിച്ചു. ഇനി പ്രായശ്ചിത്തത്തിന്റെ കാലമാണ്. മനുഷ്യൻ മനുഷ്യനായി തിരിച്ചുവരികയാണ്. വിനയവും, വിവേകവുമുള്ള മനുഷ്യനെയാവും വരുംതലമു

റകളിൽ കാണാനാവുക. ആർത്തിയുടെ ദൈവത്തെ മനുഷ്യൻ കൈവിടുന്ന ലക്ഷണമാണ്. എല്ലാം തനിക്ക് വേണ്ടി സ്വാർത്ഥതയിലൂന്നിയ പ്രപഞ്ചവീക്ഷണം മനുഷ്യൻ മടുത്തിരിക്കുന്നു. പ്രപഞ്ചത്തിന്റെ സ്വസ്ഥത തന്റെയും സ്വസ്ഥത എന്ന് മനുഷ്യൻ മനസ്സിലാക്കിയിട്ടുണ്ട്. ഇതിന് രണ്ട് കാരണങ്ങളുണ്ട്.ഒന്ന് അനുഭവത്തിലൂടെ മനുഷ്യൻ പഠിച്ചപാഠം. സെപ്റ്റംബർ പതിനൊന്നിന് തകർന്നത് മനുഷ്യന്റെ ആർത്തിയുടെ ബാബേൽ ഗോപുരങ്ങളാണ്. ആർത്തിയുടെ പെരുംകോട്ടകൾ തകർന്നു വീഴുമ്പോൾ സൃഷ്ടിക്കപ്പെടുന്ന ശൂന്യത മനുഷ്യന് യഥാർത്ഥദൈവത്തിലേക്കുള്ള വഴികാണിക്കും. ആർത്തിയുടെ ദൈവം തകരുമ്പോൾ യഥാർത്ഥ ദൈവസാന്നിദ്ധ്യത്തിലേക്കു തന്നെ മനുഷ്യൻ വഴി തേടിപ്പോകും.

ഇപ്പോൾ നടക്കുന്നത് അന്തിമപ്പോരാട്ടമാണ്. മണ്ണിന്റെ മണമുള്ള മനുഷ്യഹൃദയങ്ങളും വിപണിയുടെ കറുത്ത കൈകളും തമ്മിലുള്ള പോരാട്ടം. എന്തൊക്കെയായാലും മനുഷ്യൻ അതിജീവിക്കുക തന്നെ ചെയ്യും. ഭൂമിയിലെ പച്ചപ്പിനെ സ്നേഹിക്കുന്ന മനുഷ്യൻ ബാക്കിയാവും. ഇനിയൊരു ഭൂഗോള പ്രളയമുണ്ടായാലും പെട്ടകത്തിലേറി രക്ഷപ്പെടുന്നവർ ഈ മനുഷ്യരായിരിക്കും.

ഈ ഉയർത്തെഴുന്നേൽപ്പിന്റെ ലക്ഷണങ്ങൾ എല്ലാ മേഖലയിലും കണ്ട് തുടങ്ങിയിട്ടുണ്ട്. ചികിത്സാരംഗത്തേക്കു നോക്കൂ, അലോപ്പതിയെ കൈയ്യൊഴിഞ്ഞ് പ്രകൃതി ചികിത്സാ വിധികളിൽ അഭയം കണ്ടെത്തുകയാണ് നാം. ജൈവവ്യവസ്ഥയുടെ നഷ്ടപ്പെട്ട താളം വീണ്ടെടുക്കലാണിത്. ഒരു ഫാഷന്റെ ഭാഗമായാണ് സമൂഹം ഇതിനെ ഏറ്റെടുക്കുന്നതെങ്കിലും എതിർക്കേണ്ടതില്ല. ഈ മുന്നേറ്റത്തിന്റെ കൊടിപിടിക്കുക ഒരു പക്ഷെ പഴയതലമുറയിലെ ബാക്കിയായ കണ്ണികളാവും. യുവതയിൽ നിന്നല്ല, വൃദ്ധസദനങ്ങളിൽനിന്നാവും ഇനിയൊരു മാറ്റത്തിന്റെ ഗാനമുയരുക.

### കേരളസമൂഹം

നാം നവോത്ഥാനത്തിന്റെ വിള കൊയ്തു കഴിഞ്ഞു. വികസനത്തിന്റെ കീടനാശിനികളും നാം അനുഭവിച്ചു. തല തിരിഞ്ഞവിദ്യാഭ്യാസവും, സാക്ഷരതാമഹാമഹവും നമ്മെ രക്ഷിക്കില്ലെന്ന് നാം കണ്ടു. ഇന്ത്യയുടെ പ്രഥമ പൗരൻ ഒരപൂർണ്ണനായിരുന്നിട്ടും, ആദിവാസികളുടെ വേദനകളെക്കുറിച്ച് പറയാൻ ജാനു വേണ്ടി വന്നു. മലയാളിയെ മലയാളിയാക്കാൻ സാക്ഷരതയുടെ ജാടകളല്ല, നിരക്ഷരതയുടെ സമ്പന്നതയാണാവശ്യം.

### കാമ്പസുകൾ

തോൽപിക്കപ്പെട്ട ഒരു തലമുറയാണ് നമ്മുടെ ആർട്സ് കാമ്പസുകളിലുള്ളത്. തങ്ങൾ തോൽപിക്കപ്പെട്ടവരാണ് എന്ന ബോധം കൊണ്ട് ശിരസ്സ് കുനിഞ്ഞവർക്ക് മനശ്ശാസ്ത്രവിദഗ്ധരെയാണ് വേണ്ടത്, പ്രൊഫസർമാരെയെല്ലാം പിരിച്ചുവിടണം.

ഒരു പക്ഷെ ചരിത്രത്തിൽ ഒരു റോളും അഭിനയിക്കാനില്ലാത്ത ഒരു തലമുറയായിരിക്കും ഇന്നത്തെ കാമ്പസുകളിലുള്ളത്. നിശ്ശബ്ദരാക്കപ്പെട്ട ഒരു തലമുറ. ആരാണ് തങ്ങളെ തോൽപിച്ചതെന്ന് ഉറക്കെ ചോദിക്കാത്ത കാലത്തോളം ഈ തലമുറയിൽ നിന്നൊന്നും പ്രതീക്ഷിക്കേണ്ടതില്ല.

മനുഷ്യത്വത്തിന് പൊതുവിൽ ഒരപചയം ഇന്ന് എല്ലാ രംഗങ്ങളിലും കാണപ്പെടുന്നു. ഏതുകാലത്തും ഏതുദേശത്തും ഈ മനുഷ്യത്വനിരാസം ഭാഗികമായിട്ടുണ്ടായിരുന്നു. പക്ഷെ ഇന്നത്തെ പോലെ സർവവ്യാപിയായി നമ്മുടെ നിലനിൽപിനെത്തന്നെ ചോദ്യം ചെയ്യും വിധത്തിൽ മുമ്പുണ്ടായതായി തോന്നുന്നില്ല. മാനവികമൂല്യങ്ങൾക്ക് ഒരു വിലയും കൽപിക്കാതെ പണത്തിനും ആധിപത്യത്തിനും വേണ്ടി എന്തും ചെയ്യാമെന്ന നില ഇന്ന് സംജാതമായിരിക്കുന്നു. സോവിയറ്റ് റഷ്യയുടെ തകർച്ചയോടെ അമേരിക്കൻ നേതൃത്വത്തിലുള്ള സാമ്രാജ്യത്വശക്തികൾ ലോകജനതക്കുമേൽ സർവ്വാധിപത്യം സ്ഥാപിക്കാൻ ശ്രമിച്ചുവരികയാണ്. അവരെ എതിർക്കുന്നവർ മതതീവ്രവാദികളും ഭീകരവാദികളുമായി ചിത്രീകരിക്കപ്പെടുന്നു.

എല്ലാ മതങ്ങളേയും ആസ്പദമാക്കി വർഗീയതയും ഭീകരതയും ലോകമെമ്പാടും വളർന്നുവരുന്നുണ്ട്. ഇത് ഉന്മൂലനം ചെയ്യപ്പെടേണ്ടതാണ് എന്നതിൽ തർക്കമില്ല. പക്ഷെ ഭീകരതയ്ക്കെതിരെയുള്ള പൊതുജന നിലപാട് സാമ്രാജ്യത്ത്വ നിലപാടുകളെ എതിക്കുന്നവർക്കെതിരെ തിരിച്ചുവിട്ട് മുഖമറ സൃഷ്ടിക്കുന്നതിനോട് യോജിക്കാനാവില്ല. മാത്രമല്ല അമേരിക്കയാണ് ഇന്നു കാണപ്പെടുന്ന ഭീകരപ്രവർത്തനങ്ങളുടെയെല്ലാം കേന്ദ്രം.

'തീവ്രവാദ' വിരുദ്ധപോരാട്ടത്തിന്റെ പേരിൽ മതന്യൂനപക്ഷൾക്കെതിരെ യാതൊരു മാനുഷിക പരിഗണനയും നൽകാതെയുള്ള ആക്രമണപദ്ധതികൾക്ക് ഭരണകൂടം കോപ്പ് കൂട്ടുകയാണ്. കഴിഞ്ഞകുറേ മാസങ്ങളായി ഗുജറാത്തിൽ നടപ്പിലാക്കിയതും ഇതാണ്.

മനുഷ്യത്വത്തിന് നേരെയുള്ള ഈ കടന്നാക്രമണങ്ങളെ എങ്ങിനെ ചെറുക്കാം. മതനിരപേക്ഷ ശക്തികളുടെ കൂട്ടായ്മയാണ് ഇതിന് ആവശ്യം. മുൻവിധികളില്ലാത്ത സാമൂഹ്യപ്രവർത്തകർക്കും യുവതീയുവാക്കൾക്കും ഇതിൽ നേതൃത്വപരമായ പങ്ക് വഹിക്കാൻ കഴിയും.

## എം. ഐ.തങ്ങൾ

നമ്മുടെ കാലഘട്ടത്തിലുള്ള അവമാനവീകരണവുമായി ബന്ധപ്പെട്ട പ്രധാന പ്രശ്നം മനുഷ്യജീവിതത്തിന്റെ വില കണക്കാക്കുന്നതിന് നാം ജന്തുലോകത്തെയും അതിന്റെ നിയമങ്ങളെയും ആശ്രയിക്കാൻ തുടങ്ങിയിരിക്കുന്നു എന്നതാണ്. ജീവിതത്തിന്റെ വില മരണത്തിനിപ്പുറത്തേക്ക് ചുരുക്കിക്കൊണ്ടുവരുന്ന ജാന്തികജീവിതവീക്ഷണത്തിന്റെ മറുപുറം ജീവിതം ഒരു ചടങ്ങാണെന്ന വിശ്വാസമാണ്. എപ്പിക്യൂറിയൻമാർക്ക് പോലും അവരുടെ ജീവിതവീക്ഷണത്തിൽ മനുഷ്യപ്പറ്റ് കലർത്താൻ സാധിച്ചിരുന്നുവെങ്കിൽ ഇന്ന് മതവിശ്വാസികളിൽപെട്ടവർ രൂപം കൊടുക്കുന്ന ജീവിതവീക്ഷണങ്ങളിൽ പോലും മനുഷ്യന്റെ നിറം കാണാൻ സാധിക്കുന്നില്ല. രണ്ടുദാഹരണങ്ങൾ. ഒന്ന്, മുതലാളിത്തലോകം നമുക്ക് നൽകിക്കൊണ്ടിരിക്കുന്ന സാമ്പത്തികവീക്ഷണങ്ങളും വ്യവസ്ഥയും അതിന്റെ അടിയിൽ പതിയിരിക്കുന്ന ചതികളും. ആഡം സ്മിത്ത് ലെയ്സസ് ഫെയറിന് നൽകിയിരിക്കുന്ന മാനുഷിക മുഖം പോലും ഇന്നത്തെ മുതലാളിത്തത്തിന് ഉണ്ടെന്ന് കരുതുന്നത് മൗഢ്യമാണ്, ബുഷിന്റെ ഭീകരവിരുദ്ധത പോലുള്ള ജാഢ. മറ്റൊന്ന് ഫാഷിസവും തീവ്രവാദങ്ങളും ഭീകരവാദങ്ങളുമാണ്. ഇവർ ഏത് വകുപ്പിൽപെട്ടവരായാലും

ഒരു കാര്യത്തിൽ യോജിക്കുന്നു; മനുഷ്യജീവന് വിലയില്ല. അതെപ്പോഴും എന്തിനെങ്കിലുമൊക്കെ ഹോമിക്കാനുള്ളതാണ്; കൊല്ലാൻ, കൊല്ലപ്പെടാൻ ഒരു ജന്തുവിനെ, സസ്യത്തെ ഭക്ഷണത്തിന് വേണ്ടി ഹനിക്കുന്നത് പോലെ നിസാരം ഒരു മനുഷ്യനെ കൊല്ലുന്ന കാര്യം.

മനുഷ്യകുലം ഒരു ദൈവത്തിന്റെ സൃഷ്ടിയാണെന്നും ഒരു മാതാവിന്റെയും പിതാവിന്റെയും സന്താനങ്ങളാണെന്നുമുള്ള വിശ്വാസത്തിലൂടെ കടന്നുപോയാലെത്തുന്ന ചിലയിടങ്ങളുണ്ട്. അവിടെ മാത്രമേ മനുഷ്യജീവിതത്തിന് വില ലഭിക്കുകയുള്ളൂ. ഇവിടെ മനുഷ്യനെ എത്തിക്കാൻ ശാസ്ത്രത്തിനോ സമ്പദ് വ്യവസ്ഥക്കോ രാഷ്ട്രീയത്തിനോ കഴിയില്ല. ജീവിതത്തിനുപുറത്തുള്ളതാണ് ജീവിതത്തിന്റെ ലക്ഷ്യസ്ഥാനം. അതിനെ ജീവിതത്തിനകത്തേക്ക് ചുരുക്കുമ്പോഴുണ്ടാകാവുന്ന അപകടങ്ങളുടെ പ്രാഥമിക ഘട്ടത്തിന്റെ ഉദാഹരണങ്ങൾ മാത്രമാണ് ഗുജറാത്തും അമേരിക്കയും ഭീകരവാദങ്ങളും ആഗോളവൽക്കരണവുമൊക്കെ. ഇത് അവസാനം എവിടെയെത്തുമെന്ന് കൃത്യമായി പ്രവചിക്കാൻ സാധ്യമല്ല. മനുഷ്യത്വത്തിന്റെ ശവക്കുഴി മനുഷ്യന്റെ ശവക്കുഴിയാണെന്ന തിരിച്ചറിവില്ലായ്മ തകർത്ത ആയിരം സമൂഹങ്ങളുടെ കഥകൾ ചരിത്രത്തിലുണ്ട്.

മനുഷ്യ സ്വത്വത്തിന്റെ പ്രധാനപ്പെട്ട രണ്ട് ഭാഗങ്ങളിൽ ഒന്ന്, മനുഷ്യന്റെ ഉദാത്തതയെക്കുറിച്ചുള്ള ബോധമാണ്. തന്റെ ഔന്നിത്യം അവന് തിരിച്ചറിയാൻ കഴിയുന്നതുവരെ ഒരു മനുഷ്യന് ജന്തുവിൽ നിന്നുയരാൻ കഴിയില്ല. ഈ ഔന്നിത്യത്തിന് നേരെ അപ്പുറമാണ് കർത്തവ്യങ്ങളെ കുറിച്ചുള്ള ബോധമെന്ന രണ്ടാമത്തെ വശം. ഔന്നിത്യത്തെക്കുറിച്ചുള്ള ബോധം സ്വാതന്ത്ര്യത്തിലേക്കുള്ള കവാടമാണ്. സ്വാതന്ത്ര്യത്തെക്കുറിച്ചുണ്ടാകുന്ന അനുഭവം ഉത്തരവാദിത്വങ്ങളിലേക്ക് അവനെ എത്തിക്കുന്നു. ദൈവം കഴിഞ്ഞാൽ പ്രപഞ്ചങ്ങളിലഖിലത്തിലേയും ഏറ്റവും ഉന്നതനായ ജീവി മനുഷ്യനാണെന്നാണ് പരിശുദ്ധ ഖുർആന്റെ വീക്ഷണം. ദൈവം സർഗ്ഗശേഷി നൽകിയിട്ടുള്ള ഏകജീവി. ഈ സർഗ്ഗാത്മകതയാണവന് ഉത്തരവാദിത്തങ്ങൾ നൽകുന്നത്. സ്വാതന്ത്ര്യത്തിന് നൽകേണ്ടുന്ന വിലയാണ് ഈ ഉത്തരവാദിത്തങ്ങൾ. ഇത് രണ്ടും ചേരുമ്പോഴാണ് മനുഷ്യസ്വത്വം പൂർണമാകുന്നത്. ഇത് രണ്ടും മനുഷ്യന് നൽകാൻ സാധിക്കുന്ന വിശ്വാസവും കർമ്മപദ്ധതികളും മാത്രമാണ് ഇന്നത്തെ പ്രതിസന്ധിക്കും പരിഹാരം. മരണത്തിനപ്പുറത്തേക്ക് ജീവിതത്തെ പരിമിതപ്പെടുത്തുന്ന, ജീവിതം ജീവിക്കുന്നതിന് എന്ന് കരുതുന്ന ജീവിതവീക്ഷണങ്ങൾ ഒരിക്കലും ചരിത്രമുണ്ടാക്കിയിട്ടില്ലെന്നും അതെന്നും End of history സ്വപ്നം കണ്ടിട്ടേയുള്ളൂ എന്നുമുള്ള കാര്യം മറക്കാതിരിക്കുക. ഫൂക്കിയാമമാർക്ക് ചരിത്രം അവസാനിപ്പിക്കാനും രചിക്കാനുമാവുകയില്ലായെന്ന് അവരുണ്ടാക്കിക്കൊണ്ടിരിക്കുന്ന മായാവർണ്ണങ്ങൾക്കിടിയിൽ നിന്ന് വായിച്ചെടുക്കാൻ നാം ശ്രമിക്കുക. അവിടെ അവമാനവീക വൽക്കരണങ്ങളുടെ മരണവും മാനവതയുടെ വളർച്ചയും നമുക്ക് കണ്ടെത്താം.

മനുഷ്യകുലം ഒരു ദൈവത്തിന്റെ സൃഷ്ടി യാണെന്നും ഒരു മാതാവിന്റെയു പിതാവിന്റെയും സന്താനങ്ങളാണെന്നു മുള്ള വിശ്വാസത്തിലൂടെ കടന്നുപോയാ ലെത്തുന്ന ചിലയിടങ്ങളുണ്ട്. അവിടെ മാത്രമേ മനുഷ്യജീവിതത്തിന് വി ലഭിക്കുകയുള്ളൂ.

മനുഷ്യൻ കേരളത്തിൽ കുറച്ചുകാലമേ ജീവിച്ചുള്ളു. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ അയാൾ ബലാരിഷ്ടതകൾ കടന്ന് മുതിർന്നു. ജാതിയുടെയോ മതത്തിന്റെയോ ചിഹ്നങ്ങൾ നിഗൂഢമാക്കിവെക്കൽ അന്തസ്സിന്റെ ഭാഗമായി. മിശ്രവിവാഹങ്ങൾ ദുർലഭമല്ലാതായി. പള്ളിയിൽ പോകലും ക്ഷേത്രത്തിൽ പോകലും ഒളിച്ചൊളിച്ചായി. "ആസ്തികനാണോ താങ്കൾ" എന്ന ചോദ്യത്തിന് "ആണെന്നുമല്ലെന്നും ഞാൻ ഒഴിഞ്ഞേൻ" എന്നത് ഏത് അഭ്യസ്തവിദ്യന്റെയും ഉത്തരമായി. കലാരംഗത്തും വൈജ്ഞാനികരംഗത്തും മതേതരനിലപാടുകൾക്ക് മാത്രമായി പ്രസക്തി. കേരളത്തെ ഭ്രാന്താലയം എന്ന് പറയാൻ കാരണമായ ജീർണ്ണതകൾക്ക് നാം പ്രായശ്ചിത്തം ചെയ്തുതുടങ്ങി. മനുഷ്യന്റെ ആത്മഗതങ്ങളായി എല്ലാ കവിതകളും കലാരംഗത്തെ 'ഞാൻ' മനുഷ്യനായി.

പക്ഷെ കഴിഞ്ഞ ഏതാനും വർഷങ്ങളിൽ അയാൾക്ക് മാരകമായ വ്യാധികൾ പിടിപെട്ടു. വളരെ വേഗത്തിൽ മലയാളി എടുത്തതെല്ലാം തിരികെ വച്ചു. മനുഷ്യൻ അന്തർദ്ദാനം ചെയ്തു. ഇന്നിതാ മതചിഹ്നങ്ങൾ, ജാതിചിഹ്നങ്ങൾ അന്തസ്സായി, ഐഡന്റിറ്റിയായി. മാനവികവിഷയങ്ങൾ അപ്രസക്തമായി. ഏതോ പ്രാകൃതകാലത്തിന്റെ അനുഷ്ടാനങ്ങൾ വീണ്ടും ജനങ്ങൾക്ക് അനിവാര്യമായി. മനുഷ്യൻ ഒരോർമ്മയായി, ഇരുപതാം നൂറ്റാണ്ടിൽ ജീവിച്ച് മരിച്ച ഒരു പ്രതിഭാസം.